(ഇ) ഒരു കുടുംബത്തെ സംബന്ധിച്ചുള്ള എന്തൊക്കെ വിവരങ്ങളാണ് കാർഡിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഓരോ കുടുംബത്തെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(ജി) റവന്യൂ കാർഡ് തയ്യാറാക്കാനും വിതരണം ചെയ്യാനുമുള്ള നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ)&(ബി) 1999 ലെ കേരള റവന്യൂ കാർഡ് ആക്ടിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ റവന്യൂ കാർഡ് ചട്ടങ്ങൾ നിലവിൽ വന്നുകഴിഞ്ഞു. റവന്യൂകാർഡ് വിതരണത്തിന്റെ ആദ്യഘട്ടമായി എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ റവന്യൂ കാർഡ് വിതരണത്തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ആദ്യപടിയായി പറവൂർ താലൂക്കിലെ ഉദ്ദേശം 87,000 കുടുംബങ്ങൾക്കാണ് റവന്യൂ കാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഒരു വർഷത്തിനകം സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) കുടുംബനാഥന്റെയും മറ്റംഗങ്ങളുടെയും പേര്, വയസ്സ്, ജാതി, മതം, തൊഴിൽ, വരുമാനം, ഓരോരുത്തരുടെയും കൈവശത്തിലുള്ള വസ്തു, കെട്ടിടങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിനു ലഭിക്കുന്ന ആനുകൂല്യങ്ങൾ, ബാദ്ധ്യതകൾ എന്നീ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(എഫ്)ഉണ്ട്, റവന്യൂകാർഡ് ചട്ടം എട്ടാം വകുപ്പുപ്രകാരം തഹസീൽദാർക്ക് അപേക്ഷ സമർപ്പിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ വ്യവസ്ഥയുണ്ട്.

(ജി) റവന്യൂ കാർഡിന്റെ മാതൃക തയ്യാറാക്കിക്കഴിഞ്ഞു. റവന്യൂ കാർഡ് വിതരണത്തിന്റെ ആദ്യഘട്ടമായി പറവൂർ താലൂക്കിൽ, കുടുംബങ്ങളിൽനിന്ന് അപേക്ഷ സ്വീകരിക്കുകയും തുടർനടപടികൾ എടുത്തുവരികയും ചെയ്യുന്നു. ഇതിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നടപടിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

5 (*121) വ്യാവസായിക രംഗത്ത് പ്രവാസി മലയാളികളുടെ നിക്ഷേപം

ശ്രീ. എ.കെ. മണി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പി.ജെ ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ സമ്പാദ്യം സംസ്ഥാനത്ത് ഉല്പാദന മേഖലകളിൽ നിക്ഷേപിക്കുന്നതിന് സഹായകമായ എന്തെല്ലാം പദ്ധതികൾ സംസ്ഥാനഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികളിലൂടെ എന്തു തുക ഉല്പാദന മേഖലയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വ്യവസായ നിക്ഷേപത്തിനു അനുയോജ്യമായ വ്യവസായ നയവും വിവരസാങ്കേതികനയവും പ്രഖ്യാപിച്ചു. എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കിയിട്ടുള്ള വ്യവസായവളർച്ചാ കേന്ദ്രങ്ങൾ, പാർക്കുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. ഐ.ടി., ബയോടെക്നോളജി തുടങ്ങിയ ഹൈടെക് വ്യവസായ സംരംഭകർക്കായി വെൻചർ കാപ്പിറ്റൽ ഫണ്ട് രൂപീകരിക്കുന്നു. വിവിധ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് കളമൊരുക്കുന്നു. അതായത് വിമാനത്താവളം, പാലം, റോഡ്, വൈദ്യുതി, തുറമുഖം എന്നിവ എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു ടെക്നോപാർക്ക് ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്കാകർഷിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് സ്ഥാപിച്ചു. കൊച്ചിയിൽ ഹൈടെക്പാർക്കു രൂപീകരിക്കുന്നതിനു നടപടി ആരംഭിച്ചുകഴിഞ്ഞു.

(ബി) കെ.എസ്.ഐ.ഡി.സി. യുടെ സഹായ സഹകരണത്തോടെ പ്രവാസികൾ ആരംഭിച്ചിട്ടുള്ള വ്യവസായങ്ങളിൽ ആകെ മുതൽമുടക്ക് 303 കോടി രൂപയാണ്. ടെക്നോപാർക്കിൽ 2270 ലക്ഷം രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

6 (*122) ജനകീയാസൂത്രണപദ്ധതി ഫലപ്രദമാക്കാൻ നടപടി

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണപദ്ധതി പൂർണ്ണമായും ഫലപ്രദമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിക്കായി അനുവദിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ജനകീയാസൂത്രണപദ്ധതി നടത്തിപ്പിൽ ക്രമക്കേടുകളും തിരിമറികളും നടത്തുന്നത് തടയാൻ സ്ഥിരവും കൃത്യവുമായ ആഡിറ്റിംഗ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് ഈ നടപടി പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സർക്കാർ ഇതിനകം ആരംഭിച്ചുകഴിഞ്ഞ അന്വേഷണ ആഡിറ്റിംഗ് സംവിധാനത്തിന്റെ വിശദാംശം നൽകുമോ;

(ജി) പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റിംഗ് നടത്തുന്നതിനുള്ള അധികാരം അതേ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ തന്നെയാണോ ഏൽപ്പിച്ചിട്ടുള്ളത്; എങ്കിൽ ഇത് ഫലപ്രദമാകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly